നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 ഒക്ടോബർ 25, വ്യാഴം

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 1979 ഒക്ടോബർ 25-ാം തീയതി വ്യാഴാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ചരമോപചാരം

സർവ്വശ്രീ. എം. കെ. അനന്തശിവ അയ്യർ, വി. കെ. വർഗ്ഗീസ്, ടി. എ. അബ്ദുള്ള, സി. സി. പ്രസാദ്, ആൻറണി ഡിക്രൂസ്, പി. എസ്. നമ്പൂതിരി എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: ശ്രീ ചിത്രാ സ്റ്റേറ്റ് കൗൺസിലിൽ അംഗമായിരുന്ന ശ്രീ. എം. കെ. അനന്തശിവ അയ്യർ, തിരുവിതാംകൂർ നിയമസഭയിലും തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്ന ശ്രീ. വി.കെ. വർഗ്ഗീസ്, തിരു-കൊച്ചി നിയമസഭയിൽ അംഗങ്ങളായിരുന്ന സർവ്വശ്രീ ടി. എ. അബ്ദുള്ള, സി. സി. പ്രസാദ്, കേരള നിയമസഭയിൽ അംഗങ്ങളായിരുന്ന സർവ്വശ്രീ, ആൻറണി ഡിക്രൂസ്, പി. എസ്. നമ്പൂതിരി എന്നിവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

ശ്രീ. ടി. എ. അബ്ദുള്ള അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോഴാണ് സർവ്വശ്രീ. പട്ടംതാണുപിള്ള, ടി. എം. വർഗ്ഗീസ്, സി. കേശവൻ തുടങ്ങിയവരോടൊപ്പം തിരുവിതാംകൂറിലെ ഉത്തരവാദപ്രക്ഷോഭണത്തിൽ സജീവമായി പങ്കെടുക്കാൻ മുന്നോട്ടുവന്നത്. ഈ പ്രക്ഷോഭണം സംബന്ധിച്ച് ദീർഘനാൾ അദ്ദേഹത്തിന് ജയിൽവാസം അനുഭവിക്കേണ്ടിവന്നു എങ്കിലും, അടിപതറാതെ സമരവേദിയിൽത്തന്നെ അദ്ദേഹം ഉറച്ചു നിന്നു. 1948-ൽ അദ്ദേഹം ആലപ്പുഴയിൽ നിന്നു നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. തിരു-കൊച്ചിയിൽ ശ്രീ. പറവൂർ ടി. കെ. നാരായണപിള്ളയുടെ മന്ത്രിസഭയിൽ ശ്രീ. അബ്ദുള്ള ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്നു. അതിനുശേഷം അദ്ദേഹം ആലപ്പുഴയിലെ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്നു. ഭാരത് സേവക് സമാജത്തിന്റെ പ്രധാന പ്രവർത്തകരിൽ ഒരാളായിരുന്നു അദ്ദേഹം. മുസ്ലീംങ്ങളുടെ നിരവധി സംഘടനകളിൽ സമുന്നതസ്ഥാനം വഹിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു സ്വാതന്ത്ര്യ സമരസേനാനിയും പ്രമുഖ ഹരിജൻ പ്രവർത്തകനും കേരള സാമ്പവ മഹാസഭയുടെ പ്രസിഡണ്ടുമായിരുന്നു ശ്രീ. സി. സി. പ്രസാദ്. 1946-ൽ കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം തിരു–കൊച്ചി സംയോജനത്തെ തുടർന്ന് തിരു–കൊച്ചി നിയമസഭയിൽ അംഗമായി. ഹരിജനങ്ങളുടെ അനിഷേധ്യ നേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം. അവരുടെ ഉന്നമനത്തിനുവേണ്ടി അനവരതം പ്രയത്നിച്ചിരുന്നു. ശ്രീ. സി. സി. പ്രസാദിന്റെ നിര്യാണം കേരളത്തിലെ ഹരിജനങ്ങൾക്ക് പ്രത്യേകിച്ചും ഒരു നഷ്ടമാണ്.

ഒരു സാമൂഹ്യ–രാഷ്ട്രീയ പ്രവർത്തകനായിരുന്ന ശ്രീ. ആൻറണി ഡിക്രൂസ് വിദ്യാഭ്യാസം കഴിഞ്ഞ ഉടനെതന്നെ പൊതു പ്രവർത്തനത്തിലേർപ്പെട്ടു. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകൻ ആയിരിക്കവെ, 1960-ൽ അദ്ദേഹം സംസ്ഥാന നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ജനതാപ്പാർട്ടി രൂപം കൊണ്ടശേഷം ശ്രീ. ഡിക്രൂസ് ആ പാർട്ടിയിൽ ചേരുകയുണ്ടായി. കുറച്ചുകാലം തിരുവനന്തപുരം തുറമുഖത്തൊഴിലാളി യൂണിയന്റെ സെക്രട്ടറിയായും തിരു–കൊച്ചി എസ്റ്റേറ്റു വർക്കേഴ്സ് യൂണിയൻ തിരുവനന്തപുരം ശാഖയുടെ പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്.

കേരളത്തിലെ പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാക്കളിൽ ഒരാളും കഴുവുറ്റ ട്രേഡുയൂണിയൻ പ്രവർത്തകനും ഒരു സ്വാതന്ത്ര്യ സമരസേനാനിയും ആയിരുന്നു ശ്രീ. പി. എസ്. നമ്പൂതിരി. വിദ്യാർത്ഥി ആയിരിക്കുമ്പോഴത്തന്നെ നമ്പൂതിരി സമുദായത്തിലെ സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങളിലൂടെ പൊതു പ്രവർത്തന രംഗത്തുവന്ന അദ്ദേഹം പിന്നീട് ഒരു കോൺഗ്രസ് പ്രവർത്തകനായിത്തീരുകയും മഹാത്മാഗാന്ധിയുടെ ആഹ്വാനമനുസരിച്ച് നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുക്കുകയും ചെയ്തു. 1963-ൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽച്ചേർന്നു. കൊച്ചിയിൽ ട്രേഡുയൂണിയൻ പ്രസ്ഥാനം സംഘടിപ്പിക്കുന്നതിൽ സജീവ പങ്ക് വഹിച്ചിരുന്ന അദ്ദേഹം പിന്നീട് പല ട്രേഡുയൂണിയനുകളുടെയും നേതാവായിരുന്നു. കൊച്ചിയിലെ ക്ഷേത്രപ്രവേശന പ്രക്ഷോഭണത്തിലും കർഷകജാഥ സംഘടിപ്പിക്കുന്നതിലും അദ്ദേഹം സജീവമായ നേതൃത്വം നൽകി. 1965-ലും 1968-ലും കേരള നിയമസഭയിലേക്കു ശ്രീ. നമ്പൂതിരി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. പ്രഗത്ഭനായ ഒരു നിയമസഭാ സാമാജികനായിരുന്നു അദ്ദേഹം. ശ്രീ നമ്പൂതിരിയുടെ നിര്യാണം കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന് കനത്ത നഷ്ടം ആണ് വരുത്തിവച്ചിരിക്കുന്നത്.

ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ പ്രഥമ ചെയർമാനും മാങ്കൊമ്പ് അവിട്ടം തിരുനാൾ ഹൈസ്ക്കൂളിന്റെ സ്ഥാപകനും ഏറെക്കാലം അതിന്റെ മാനേജരും ആയിരുന്ന ശ്രീ. എം. കെ. അനന്തശിവ അയ്യർ കഴിവുറ്റ ഒരു അഭിഭാഷകനും കർഷകപ്രമാണിയും ആയിരുന്നു.

ശ്രീ. വി. കെ. വർഗ്ഗീസ് പത്തനംതിട്ട നിയോജകമണ്ഡലത്തിൽ നിന്നും, 1948-ലും 1949-ലും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. സമർത്ഥനായ നിയമസഭാസാമാജികൻ എന്നതിനു പുറമേ സാമൂഹ്യ രംഗത്തും അദ്ദേഹം ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്.

രാഷ്ട്രീയ സാമുദായിക മണ്ഡലങ്ങളിൽ ദീർഘകാലം പ്രവർത്തിച്ച ഈ ജനനേതാക്കളുടെ നിര്യാണത്തിൽ ഈ സഭയ്ക്കുള്ള അനുശോചനം രേഖപ്പെടുത്താൻ നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly